02 ആഗസ്റ്റ് 2018

# പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

Govt. Of Kerala

ലക്കം: 007

# തെരുവുനായ നിയന്ത്രണ പദ്ധതി സുരക്ഷ 2018ന് സമാപനം

- അടുത്ത വർഷം രണ്ട് ലക്ഷം തെരുവുനായ്ക്കളെ വന്ധ്യംകരിക്കുക ലക്ഷ്യം: മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. കെ. രാജു
- ഫോട്ടോഗ്രഫി, ലോഗോ രൂപകൽപ്പന അവാർഡുകൾ വിതരണം ചെയ്തു

മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന തെരുവുനായ നിയന്ത്രണ പദ്ധതിയിലൂടെ അടുത്ത വർഷം സംസ്ഥാനത്ത് രണ്ടു ലക്ഷം തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിന് ലക്ഷ്യമിടുന്നുവെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. കെ. രാജു പറഞ്ഞു. തെരുവുനായ വന്ധ്യംകരണ പദ്ധതിയുടെ ആവശ്യകത കൂടുതൽ ജനങ്ങളിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച സംസ്ഥാനതല ബോധവൽക്കരണ ക്യാമ്പെയ്ൻ 'സുരക്ഷ-2018'ന്റെ സമാപന സമ്മേളനവും ശിൽപ്പശാലയും ഉദ്ഘാടനം ചെയ്തുകൊണ്ടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

തെരുവുനായ ശല്യം കാരണം സംസ്ഥാനത്ത് ജനങ്ങൾ അഭിമുഖീകരിക്കുന്ന നിരവധിയായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കൊണ്ടു വന്ന പദ്ധതി മുന്നോട്ടു പോകുന്നതിൽ തടസം നേരിട്ടപ്പോഴാണ് കുടുംബശ്രീയെ പദ്ധതി പ്രവർത്തനങ്ങൾ ഏൽപിച്ചത്. കുടുംബശ്രീ ഏറ്റെടുത്തതോടെ ഈ പ്രശ്നത്തിന് വലിയൊരളവിൽ പരിഹാരം കാണാൻ കഴിഞ്ഞത് പദ്ധതിയുടെ വിജയമാണ്. കൂടുതൽ പഞ്ചായത്തുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുകയും അതുവഴി കൂടുതൽ കുടുംബശ്രീ എ.ബി.സി യൂണിറ്റുകൾ ഈ രംഗത്ത് സജീവമാകുകയും ചെയ്താൽ തെരുവുനായ പ്രശ്നത്തിന് ഗണ്യമായ രീതിയിൽ പരിഹാരം കാണാനും അംഗങ്ങൾക്ക് വളരെ മികച്ച രീതിയിൽ വരുമാനം നേടാനും കഴിയും. പദ്ധതി ആരംഭിച്ച് പതിനൊന്നു മാസം കൊണ്ട് 15623 തെരുവുനായ്ക്കളെ വന്ധ്യംകരിച്ചുകൊണ്ട് കുടുംബശ്രീ യൂണിറ്റ് അംഗങ്ങൾ 3.23 കോടി രൂപ വരുമാനം നേടിയെന്നതും ഏറെ ശ്രദ്ധേയമാണ്. കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിക്കാവശ്യമായ തുക വകയിരുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കും. ഇതിനാവശ്യമായ എല്ലാ പിന്തുണയും നൽകും. സർക്കാരിന്റെ പല പദ്ധതികളും താഴെത്തട്ടിലെത്തിക്കുന്നത് കുടുംബശ്രീയിലൂടെയാണ്. ഏറ്റെടുക്കുന്ന പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തിയാക്കുന്നതുകൊണ്ടാണ് കുടുംബശ്രീയെ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുന്നത്. തെരുവുനായ നിയന്ത്രണ പദ്ധതി കുടുംബശ്രീയെ ഏൽപ്പിക്കാൻ തീരുമാനിച്ചതും ഇക്കാരണം കൊണ്ടാണ്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിജയിപ്പിക്കാൻ കുടുംബശ്രീക്കു കഴിയുമെന്നും അതിനു മൃഗസംരക്ഷണ വകുപ്പിന്റെ എല്ലാ പിന്തുണയും നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി.

സുരക്ഷ-2018ന്റെ ഭാഗമായി സംഘടിപ്പിച്ച സംസ്ഥാനതല ഫോട്ടോഗ്രാഫി മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ദേശാഭിമാനി തിരുവനന്തപുരം യൂണിറ്റിലെ ഫോട്ടോഗ്രാഫർ സുമേഷ് കൊടിയത്ത്, കേരളകൗമുദി കൊച്ചി യൂണിറ്റിലെ ഫോട്ടോഗ്രാഫർ സുധർമ്മദാസ്, ലോഗോ രൂപകൽപ്പനയ്ക്ക് ഒന്നാം സ്ഥാനം നേടിയ തൃശൂർ സ്വദേശിയായ അനന്തകൃഷ്ണൻ എന്നിവർക്കുള്ള അവാർഡ് വിതരണം, ചിത്രരചനാമത്സരത്തിൽ വിജയികളായ കുട്ടികൾക്കുള്ള സമ്മാനദാനം, മികച്ച രീതിയിൽ പദ്ധതി പ്രവർത്തനം നടപ്പാക്കിയ ജില്ലകൾക്കുള്ള അവാർഡ് ദാനം, എബിസി യൂണിറ്റ് അംഗങ്ങൾക്ക് യൂണിഫോം, തിരിച്ചറിയൽ കാർഡ് വിതരണം എന്നിവയും മന്ത്രി നിർവഹിച്ചു. തൃശൂർ ജില്ലയിലെ എ.ബി.സി യൂണിറ്റ് അംഗങ്ങളുടെ അനുഭവസമാഹാരം മേയർ അഡ്വ.വി.കെ.പ്രശാന്ത് തൃശൂർ ജില്ലാമിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ ബൈജു മുഹമ്മദ് എം.എയ്ക്ക് നൽകി പ്രകാശനം ചെയ്തു.



*എബിസി പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കുള്ള യൂണിഫോം, തിരിച്ചറിയൽ കാർഡ് വിതരണ ഉദ്ഘാടനം പന്തളം തെക്കേക്കര വന്ദനം എബിസി സംഘാംഗം ഉഷാകുമാരിക്ക് നൽകി മന്ത്രി അഡ്വ.കെ. രാജു നിർവ്വഹിക്കുന്നു. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എൻ. എൻ. ശശി, കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ഡോ. നികേഷ് കിരൺ എന്നിവർ സമീപം.*

കുടുംബശ്രീ മുഖേന നടപ്പാക്കുന്ന തെരുവുനായ നിയന്ത്രണ പദ്ധതിയുടെ വിജയത്തിന് നഗരസഭ എല്ലാവിധ പിന്തുണയും നൽകുമെന്ന് മേയർ അഡ്വ. വി.കെ പ്രശാന്ത് അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എൻ. എൻ.ശശി വിഷയാവതരണം നടത്തി. സമാപന സമ്മേളനത്തോടനുബന്ധിച്ച് 'എ.ബി.സി സാമൂഹിക പ്രസക്തിയും സാംഗത്യവും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിൽ മൃഗസംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ഡോ.ആർ. വേണുഗോപാൽ, ഡോ.കിഷോർ കുമാർ, ഡോ.ആനന്ദ് ശങ്കർ, ഇന്നൊവേഷൻ ആൻഡ് എക്സ്പെഡിഷൻ ഫൗണ്ടർ ആൻഡ് മാനേജിങ്ങ് ഡയറക്ടർ നൗഷാദ് അലി.എം.ഖാദർ എന്നിവർ എ.ബി.സി യൂണിറ്റ് അംഗങ്ങളുമായി സംവദിക്കുകയും അവരുടെ സംശങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

മികച്ച രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തിയ എ.ബി.സി യൂണിറ്റ് അംഗങ്ങൾ തങ്ങളുടെ വിജയാനുഭവ കഥകൾ പങ്കു വച്ചു. എ.ബി.സി പദ്ധതി പ്രവർത്തനങ്ങൾക്കൊപ്പം ഇതുമായി ബന്ധപ്പെട്ട് കൂടുതൽ വരുമാനദായക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിന്റെ ഭാഗമായി വിവിധ വിഷയങ്ങളിൽ ഡോ. നിഥിൻ, അജയകുമാർ, മനോജ് കുമാർ, രതീഷ് ആർ.ജി, സജു പ്രഭാകർ, സുരേഷ് കുമാർ എന്നിവർ ക്ളാസുകൾ നയിച്ചു. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ഡോ.നികേഷ് കിരൺ സ്വാഗതവും എ.ബി.സി എക്സ്പേർട്ട് ഡോ. എൽ. രവി കുമാർ നന്ദിയും പറഞ്ഞു. കുടുംബശ്രീ എ.ബി.സി യൂണിറ്റ് അംഗങ്ങൾ, ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാർ, ബ്ളോക്ക് കോ-ഓർഡിനേറ്റർമാർ എന്നിവർ പങ്കെടുത്തു.

# 'ശ്രീ ടാക്സി'യുമായി മലപ്പുറം ജില്ലാമിഷൻ

ദേശീയ ആരോഗ്യ ദൗത്യവും മലപ്പുറം കുടുംബശ്രീ ജില്ലാ മിഷനും സംയുക്തമായി 'ശ്രീ ടാക്സി'യെന്ന നവീന ആശയം പ്രാവർത്തികമാക്കുന്നു. ഗർഭിണികളായ സ്ത്രീകൾക്ക് പ്രസവത്തിനായി ആശുപത്രിയിലേക്ക് പോകുന്നതിനും നവജാത ശിശുവുമായി ആശുപത്രിയിൽ നിന്ന് തിരികെ വീട്ടിലേക്ക് പോകുന്നതിനുമുള്ള യാത്രാ സൗകര്യം ഒരുക്കുകയാണ് ശ്രീ ടാക്സി വഴി ലക്ഷ്യമിടുന്നത്. തുടക്കത്തിൽ തിരൂർ ഗവൺമെന്റ് ആശുപത്രിയിൽ പ്രസവം നടക്കുന്ന സ്ത്രീകൾക്കാണ് ഈ സേവനം നൽകുന്നത്. ഭിന്നശേഷിയുള്ള കുട്ടിയുടെ മാതാവ് കൂടിയായ റംലത്ത് ആണ് മലപ്പുറത്തെ ആദ്യ ശ്രീ ടാക്സിയുടെ സാരഥി. ടാക്സി ഡ്രൈവറാകുന്നതിന്റെ ഭാഗമായി റംലത്ത് ലൈസൻസും ബാഡ്ജും നേടിക്കഴിഞ്ഞു. ഇന്ത്യയിൽ തന്നെ ഇങ്ങനെയൊരു പദ്ധതി ആദ്യമായാണ് നടത്തുന്നതെന്ന് ദേശീയ ആരോഗ്യ ദൗത്യം വ്യക്തമാക്കി. പദ്ധതിക്ക് വേണ്ടി കുടുംബശ്രീ ജില്ലാ മിഷനും ദേശീയ ആരോഗ്യ ദൗത്യത്തിന്റെ മലപ്പുറം ജില്ലാ വിഭാഗവും നേരത്തേ തന്നെ ധാരണാപത്രത്തിൽ ഒപ്പുവച്ചിരുന്നു.

യാത്രാ ക്ലേശം മൂലം പ്രസവം വീടുകളിലാക്കേണ്ടി വരുന്ന സ്ത്രീകളെ ആശുപത്രികളിലേക്ക് പോകാൻ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യം കൂടി മുൻനിർത്തി 2011 ജൂണിൽ കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ജനനി ശിശു സുരക്ഷാ കാര്യക്രമം (ജെഎസ്എസ്കെ) പദ്ധതിയുടെ ഭാഗമായാണ് ശ്രീ ടാക്സി സേവനം ഏർപ്പെടുത്തിയിരിക്കുന്നത്. ജില്ലയിലെ മറ്റ് സർക്കാർ ആശുപത്രികൾ കേന്ദ്രീകരിച്ചും ഇങ്ങനെയുള്ള സേവനം ഭാവിയിൽ ആരംഭിക്കും. ഓഗസ്റ്റ് 11ന് ശ്രീ ടാക്സി സേവനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും.




# പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് തുണയാകാൻ കൂട്ടുകാരി

കാസർകോട് ജില്ലയിലെ പട്ടിക വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികൾക്ക് തുണയാകാൻ കാസർഗോഡ് ജില്ലാ മിഷന്റെ കൂട്ടുകാരി പരിപാടിക്ക് തുടക്കം. സ്വയം പ്രതിരോധം, ആരോഗ്യം, ശുചിത്വം, കാര്യശേഷി വർധനവ് എന്നിവയിൽ പരിശീലനം നൽകുന്നതിനായി ആരംഭിച്ച ഈ പരിപാടി വഴി മോട്ടിവേഷണൽ ക്ലാസ്സുകളും നൽകുന്നു. കേരള പോലീസിന്റെ നിർഭയ പോലീസ് പദ്ധതിയുമായി സഹകരിച്ചാണ് ജില്ലാ മിഷൻ ഈ പരിപാടി തയാറാക്കിയിരിക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേയുള്ള അതിക്രമങ്ങൾക്ക് തടയിടുന്നതിനായാണ് ആഭ്യന്തര വകുപ്പ് നിർഭയ പോലീസ് പദ്ധതി പ്രാവർത്തികമാക്കിയത്.

ചൂഷണം, രോഗങ്ങൾ എന്നിവയിൽ നിന്ന് രക്ഷ നേടുന്നതിന് കൂട്ടുകാരി പ്രൊജക്ട് പെൺകുട്ടികൾക്ക് സഹായകമാകും. ആദിവാസി മേഖലയിൽ അവിവാഹിതരായ അമ്മമാർ ഏറെയുണ്ടെന്ന് കണ്ടെത്തിയതിനാൽ തന്നെ അങ്ങനെയുള്ള ചൂഷണങ്ങൾക്ക് വിധേയരാകുമ്പോൾ ലഭിക്കുന്ന നിയമ പരിരക്ഷയെയും നിയമ സഹായത്തെയും കുറിച്ച് പെൺകുട്ടികൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി നിയമ ക്ലാസ്സുകളും പരിപാടിയുടെ ഭാഗമായി നൽകുന്നു. സിഡിഎസ് തലത്തിലാണ് പരിപാടി നടപ്പാക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾ കൂടുതലായുള്ള പത്ത് സിഡിഎസുകളിലാണ് ആദ്യ ഘട്ടത്തിൽ കൂട്ടുകാരി നടപ്പാക്കുന്നത്. ഇതുവരെ ഇത്തരത്തിലുള്ള രണ്ട് പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചു കഴിഞ്ഞു. വരും ആഴ്ചകളിൽ കൂടുതൽ ക്ലാസ്സുകൾ സംഘടിപ്പിക്കും.

അഗതിരഹിത കേരളം 03

# പദ്ധതി ഗുണഭോക്താവിന് ലഭ്യമാകുന്ന അതിജീവനാവശ്യ സേവനങ്ങൾ

അഗതിരഹിത കേരളം പദ്ധതിയിൽ ഗുണഭോക്താക്കളുടെ ആവശ്യാനുസരണം ഭക്ഷണം, ആരോഗ്യം, വസ്ത്രം, വിദ്യാഭ്യാസം, പെൻഷൻ ലഭ്യമാകാനുള്ള സഹായം എന്നീ അതിജീവനാവശ്യങ്ങൾ സംബന്ധിച്ച സേവനങ്ങൾ ലഭ്യമാക്കുന്നതാണ്. കുടുംബശ്രീ നൽകുന്ന ചലഞ്ച് ഫണ്ട് പ്രധാനമായും ഇതിനായാണ് വിനിയോഗിക്കുക. ചലഞ്ച് ഫണ്ടോ അതിന്റെ പലിശയോ തികയാത്ത സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്ന പൊതുവിഭാഗം വികസന ഫണ്ടിൽ നി ന്നും തുക വകയിരുത്തുന്നതാണ്. ഇതിനു പുറമെ തദ്ദേശ സ്ഥാപന തനതു ഫണ്ട്, സിഡിഎസ് തനതു ഫണ്ട്, സ്പോൺസർഷിപ്പ്, എംപി, എംഎൽഎ ഫണ്ടുകൾ, ബ്ലോക്ക്/ജില്ലാ/വിവിധ വകുപ്പുകളുടെ ഫണ്ടുകൾ എന്നിവ അഗതി പരിചരണ സേവനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

പദ്ധതി നടപ്പിലാക്കി തുടങ്ങുമ്പോൾ തന്നെ കുടുംബശ്രീ സിഡിഎസ്, തദ്ദേശ ഭരണ സ്ഥാപനത്തിന്റെയും പൊതുവിതരണവകുപ്പ് ഉദ്യോഗസ്ഥന്റെയും സഹായത്തോടെ പദ്ധതി ഗുണഭോക്താക്കൾക്ക് അന്ത്യോദയ അന്ന യോജന (എ.എ.വൈ) കാർഡ് ഉറപ്പാക്കുന്നതാണ്. ഇതിനു പുറമെ ഭക്ഷണം ആവശ്യമുള്ള അഗതി കുടുംബങ്ങൾക്ക് പയറുവർഗ്ഗങ്ങൾ, വെളിച്ചെണ്ണ, പച്ചക്കറികൾ, മുട്ട, പാൽ, മത്സ്യം എന്നിവ അടങ്ങിയ പോഷകാഹാര കിറ്റ് പ്രതിമാസം ലഭ്യമാക്കുന്നതാണ്. ഒരു അംഗത്തിന് പ്രതിമാസം 500 രൂപയും രണ്ടു അംഗങ്ങൾ ഉള്ള കുടുംബത്തിന് 700 രൂപയും മൂന്നോ അതിൽ കൂടുതലോ അംഗങ്ങൾ ഉള്ള കുടുംബത്തിന് 900 രൂപയും ഇതിനായി വകയിരുത്തിയിട്ടുണ്ട്. ഭക്ഷ്യ വിതരണ കേന്ദ്രങ്ങളിൽ പോയി സാധനങ്ങൾ ശേഖരിക്കാൻ കഴിയാത്തവർക്ക് വീടുകളിൽ ഭക്ഷണം എത്തിച്ച് കൊടുക്കുന്നതാണ്. ഭക്ഷണം പാകം ചെയ്യാൻ ശേഷിയില്ലാത്ത കുടുംബങ്ങൾക്ക് അംഗൻവാടി, കുടുംബശ്രീ അയൽക്കൂട്ടം, എഡിഎസ്, സന്നദ്ധ സംഘടനകൾ എന്നിവ മുഖേന ഭക്ഷണം പാകം ചെയ്തു നൽകുന്നതായിരിക്കും.

അന്തിമ ഗുണഭോക്തൃ പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനം അംഗീകരിച്ചു കഴിഞ്ഞാൽ തദ്ദേശ ഭരണ സ്ഥാപനത്തിലെ എല്ലാ വിഭാഗം മെഡിക്കൽ ഓഫീസർമാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഗുണഭോക്താക്കളുടെ ആരോഗ്യഘടകം സാധൂകരിക്കാനായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതാണ്. പദ്ധതി അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ ഒരു മാസത്തിനകം ഓരോ രോഗിക്കും ചികിത്സാ ബുക്ക് നൽകുന്നതാണ്. ദീർഘകാല രോഗങ്ങൾക്ക് സ്ഥിരമായി മരുന്ന് ആവശ്യമുള്ളവർക്ക് അതത് സർക്കാർ ആശുപത്രികളിൽ മരുന്നുകൾ ലഭ്യമല്ലാത്ത പക്ഷം സർക്കാർ നിയന്ത്രിത മെഡിക്കൽ സ്റ്റോറുകൾ, നീതി സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും വാങ്ങി നൽകുന്നതാണ്. ദൈനംദിന കൃത്യങ്ങൾ ചെയ്യുന്നതിന് സഹായം ആവശ്യമുള്ള രോഗികൾക്ക് പാലിയേറ്റീവ് ഹോം കെയറിന്റെ സേവനം ലഭ്യമാക്കുന്നതായിരിക്കും. അത്യാഹിത ചികിത്സ, വിദഗ്ധ ചികിത്സ എന്നിവ ആവശ്യമായി വരുന്ന പദ്ധതി രോഗികളെ റഫറൽ സെന്ററിലേയ്ക്ക് എത്തിക്കുന്നതിനു രോഗികൾക്കും കൂടെ ഒരാൾക്കും ബസ്സ് / രണ്ടാം ക്ലാസ് ട്രെയിൻ ചാർജ്ജും, രണ്ടുപേരുടേയും ഭക്ഷണത്തിനുള്ള തുകയും (ഒരാൾക്ക് 60/- രൂപ പ്രകാരം) നൽകുന്നതാണ്. ബസ്/ട്രെയിൻ യാത്ര ചെയ്യാൻ രോഗാവസ്ഥ/ആരോഗ്യസ്ഥിതി അനുവദിക്കാത്ത രോഗികളാണെങ്കിൽ മെഡിക്കൽ ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൗജന്യ ആംബുലൻസ് സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആംബുലൻസ് ഉൾപ്പെടെയുള്ള വാഹന ചെലവ് സർക്കാർ നിരക്കിന് വിധേയമായി 1500 രൂപ വരെ നൽകുന്നതാണ്.

പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് മാത്രമേ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് വസ്ത്രം വാങ്ങി നൽകുകയുള്ളൂ. മറ്റുള്ളവർക്ക് സ്പോൺസർഷിപ്പ് മുഖാന്തിരം സിഡിഎസ് വസ്ത്രം വാങ്ങി നൽകുന്നതായിരിക്കും. വാർദ്ധക്യകാല പെൻഷനോ, മറ്റു ക്ഷേമപെൻഷനുകളോ അഗതി കുടുംബങ്ങൾക്ക് ലഭ്യമാക്കേണ്ടത് തദ്ദേശ ഭരണസ്ഥാപങ്ങളാണ്. ഇതിനായുള്ള ചിലവുകൾ ചലഞ്ച് ഫണ്ടിൽ വകയിരുത്താവുന്നതാണ്.

അഗതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പഠനം മുടങ്ങുന്നില്ല എന്നു സിഡിഎസ് ഉറപ്പു വരുത്തേണ്ടതാണ്. കുട്ടികൾക്ക് ആവശ്യമായ പഠനോപകരണം, വസ്ത്രം, ഭക്ഷണം എന്നിവ ലഭ്യമാകുന്നുണ്ടെന്നു ഉറപ്പു വരുത്തേണ്ടതും അല്ലാത്ത പക്ഷം സ്പോൺസർഷിപ്പോ ചലഞ്ച് ഫണ്ടോ ഉപയോഗിച്ച് ലഭ്യമാക്കാവുന്നതാണ്. അഗതി കുടുംബങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഉന്നത ബിരുദധാരികൾ, കോളേജ് വിദ്യാർത്ഥികൾ, പഞ്ചായത്തിലെ സ്കൂളുകളിൽ പഠിപ്പിക്കുന്ന സേവന സന്നദ്ധരായ അദ്ധ്യാപകർ, സാക്ഷരതാ പ്രേരക്മാർ എന്നിവരെ ചേർത്ത് ഒരു അക്കാഡമിക് ടീം തദ്ദേശ ഭരണ സ്ഥാപന തലത്തിൽ രൂപീകരിക്കുകയും പ്രത്യേക ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യാവുന്നതും ഇതിനായി ഹോണറേറിയം ഒഴികെയുള്ള സംഘടനാ ചെലവ് ചലഞ്ച് ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതുമാണ്.

**അടുത്ത ലക്കം: പദ്ധതി ഗുണഭോക്താവിന് ലഭ്യമാകുന്ന അടിസ്ഥാനാവശ്യം സംബന്ധിച്ച സേവനങ്ങൾ**
**കൂടുതൽ വിവരങ്ങൾക്ക് : dfk.ksm@gmail.com**

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Ramlath.P, Managing Editor: Jayanthi Narendran, Associate Editors: Asha S. Panicker, Chaithanya. G, Manjary Asok. Design: Arun S, E-mail: prteamkshreeho@gmail.com